മിസ്റ്റർ കെ. കൊച്ചുകുട്ടൻ : അവകാശാവധിക്കു പോകുന്ന ആൾ അതുകഴിയുമ്പോൾ ശമ്പളമില്ലാത്ത അവധിക്കു അപ്ലൈ ചെയ്യാറില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉണ്ട്.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്ത വേറെ ആരെക്കിലും അവകാശാവധി ഇതുപോലെ ഇതിനുമുമ്പ് ശമ്പളമില്ലാതാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അധകൃതനായതുകൊണ്ട് അയാളെ ജോലിയിൽ നിന്നു പിരിച്ചുവിട്ടില്ല.

മിസ്റ്റർ പി. കെ. ഡിവർ : അധഃകൃതരല്ലാത്തവർക്കും ഇതുപോലെ അനുഭവപ്പെട്ടിട്ടുണ്ടോ?

റാവുസാഹിബ് പി. വി. റാഫേൽ : പലരേയും പണിയിൽനിന്നു പിരിച്ചുകളഞ്ഞിട്ടുണ്ട്. As the Hon'ble Minister explained in cases of over-stay on leave without the extension of leave being applied for or sanctioned the proper punishment is removal from service. Of course this is not always done. In certain cases it is done and in other cases we commute the period into leave without pay.

മിസ്റ്റർ പി. നാരായണമേനോൻ : ശമ്പളമില്ലാത്ത അവധി അയാൾ അപേക്ഷിച്ചിട്ടുകൊടുത്തതൊ ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹാജരാകുവാൻ നൊട്ടീസ്സു കൊടുത്തിട്ടു ഹാജരാകാത്തതുകൊണ്ടു ശമ്പളമില്ലാത്ത അവധി ഗവൺമെണ്ടു ദയവായിട്ടു കൊടുത്തതാണ്.

Mr. P. K. Dewer *(Nominated)*: So this is not a solitary case?

Rao Sahib P. V. Raphael *(Comptroller of Finance and Accounts)*: No. This is not a solitary case.

PALARIVATTAM—SUB-ANCHAL OFFICE

27. ചെയ്ധരി ജി. എസ്സ്. ധാരാസിംഗ് : ബഹുമാനപ്പെട്ട ഗവൺമെണ്ടു് താഴെ പറയുന്ന ചോദ്യങ്ങൾക്കു് ദയവായി മറുപടി പറയുമോ.—

(എ) പാലാരിവട്ടത്തു് ഒരു സബ് അഞ്ചലാപ്പീസ്സ് സ്ഥാപിച്ചു കിട്ടണമെന്നു പറഞ്ഞു വല്ല അപേക്ഷകളോ മറ്റൊ ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവൺമെണ്ടു എന്തുചെയ്തു?

മിസ്റ്റർ പറമ്പി ലോനപ്പൻ :

(എ) പാലാരിവട്ടം സർക്കാർ ഗ്രാമീണ വായനശാലയുടെ ഒരു പൊതുയോഗത്തിൽ വെച്ചു പാസ്സാക്കിയ ഒരു പ്രമേയം കിട്ടിയിട്ടുണ്ടു്.

(ബി) അന്വേഷണത്തിൽ, പുനരുന്നിയിൽ ഒരു അഞ്ചലാപ്പീസ്സ് സ്ഥാപിച്ചാലാണു് കൂടുതൽ പ്രയോജനമുണ്ടാകുക എന്നു അറിവായതിനാൽ അവിടെ ഒരു ബ്രാഞ്ചു് അഞ്ചലാപ്പീസ്സ് സ്ഥാപിക്കുവാൻ ആലോചിച്ചുവരുന്നുണ്ടു്.

AYURVEDIC DISPENSARY—CHENNAMANGALAM

28. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

ചേന്ദമംഗലത്തു് അടുത്ത കൊല്ലത്തിൽ ആയുർവ്വേദഡിസ്പെൻസറി ആരംഭിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : തീർച്ചയാക്കിട്ടില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ചേന്ദമംഗലത്തു ഒരു ഡിസ്പെൻസറി ആവശ്യമുണ്ടെന്നു ഗവൺമെണ്ടിനു ബോദ്ധ്യമുണ്ടൊ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ആവശ്യമാണെന്നാണു് ഗവൺമെണ്ടിന്റെ ധാരണ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : അത്യാവശ്യമാണെന്നു് തോന്നുന്നുണ്ടോ ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : പ്രത്യേകം അത്യാവശ്യമാണെന്നു തോന്നുന്നില്ല

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : കഴിഞ്ഞകൊല്ലം ഞാൻ ഇതിനെസംബന്ധിച്ചു ചോദിച്ചു ഒരു ചോദ്യത്തിനു തന്ന മറുപടി എന്താണെന്നു് ഓർമ്മയുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : എനിക്കോർമ്മയില്ല.

Mr. Parambi Lonappen *(Minister for Public Health):* I think the Hon'ble Member had put a question regarding the Allopathic dispensary at Chennamangalam and not about Ayurvedic Dispensary.

Mr. P. V. Sebastian *(Latian-Christians-Cranganur):* No, no. The question related to Ayurvedic Dispensary.

മിസ്റ്റർ എം. കെ. വർഗീസ്സ് : അവിടെ ഒരു ഡിസ്പെൻസറി അടുത്ത കൊല്ലത്തിലെങ്കിലും തുടങ്ങുമോ ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ആലോചിക്കാം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ : കഴിഞ്ഞകൊല്ലം അടുത്തകൊല്ലം സ്ഥാപിക്കാമെന്നുറപ്പു തന്നിട്ടു ഇപ്പോഴും അതു തീർച്ചയാക്കാതിരിക്കുന്നതിന്റെ ഉദ്ദേശം മനസ്സിലാകുന്നില്ല.

Mr. Paramel Ipe Ipe *(Kunnamkulam):* May I know, the considerations that weigh with the Government in opening Ayurvedic Dispensaries in places where there are Allopathic dispensaries?

Mr. K. Balakrishna Menon *(Minister for Development):* I can only say one thing. That is, it is a very serious matter for the House to consider as to whether we should open Ayurvedic hospitals where we have already got good Allopathic dispensaries. We find places where people are given all medical facilities by the existing Allopathic dispensaries and several other places where people are crying for some such services. Therefore it will be only quite reasonable to open Ayurvedic dispensaries in places where there is no facility for medical aid at all.

Mr. Paramel Ipe Ipe *(Kunnamkulam):* May I take it that it is the policy of the Government then that so long as there is an Allopathic dispensary or hospital in any place for medical aid, the question of opening Ayurvedic dispensary or hospital cannot be considered?

Mr. K. Balakrishna Menon *(Minister for Development):* Government cannot say anything definite now. My personal opinion is in places where there are Allopathic hospitals to cater to the needs of the public, Ayurvedic hospitals cannot be opened.

AYURVEDIC DISPENSARY—PULLUT

29. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി നൽകുമോ.—

പുല്ലൂറ്റിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറി അടുത്ത കൊല്ലത്തിൽ ആരംഭിക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഇപ്പോഴും ആലോചനയിൽ ഇല്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : ഈ കാര്യവും അടുത്തകൊല്ലത്തിൽ ആലോചിക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ : ഇതിനുമുമ്പു പറഞ്ഞ മറുപടി തന്നെയാണു് എനിക്കു ഇതിനും പറയുവാനുള്ളതു്.

Mr. President : Have you finished supplementary questions?

Mr. M. K. Verghese *(Cranganur):* I am not putting it.

AYURVEDIC DINSPENSARY—PALLIPPURAM

30. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി നൽകുമോ.—

(എ) പള്ളിപ്പുറം ആയുർവ്വേദ ഡിസ്പെൻസറി ഒരു ഹോസ്പിറ്റലാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത കൊല്ലത്തിൽ അതു ഹോസ്പിറ്റലാക്കുന്നുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ :

(എ) ഉവ്വു്.

(ബി) പള്ളിപ്പുറം വൈദ്യശാല ഇക്കൊല്ലംതന്നെ ഒരു ഹോസ്പിറ്റലാക്കി മാറ്റിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly